**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **08-02-2023 - ൽ മറുപടിയ്ക്ക്**

**വേങ്ങേരി മാർക്കറ്റ് ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വേങ്ങേരി പച്ചക്കറി മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വേങ്ങേരി കാർഷിക നഗരമൊത്ത വ്യാപാര വിപണന കേന്ദ്രം ആധുനികവൽക്കരിക്കുന്നതിന് 03.02.2018ൽ കൂടിയ വേങ്ങേരി മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും വ്യക്തമാക്കാമോ? | (ബി) | വേങ്ങേരി കാർഷിക നഗരമൊത്ത വ്യാപാര വിപണനകേന്ദ്രം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>പ്രസ്തുത പദ്ധതികളിൽ ഓക്ഷൻ ഹാൾ റിപ്പയറിന്റെയും ഓക്ഷൻ ഹാൾ റീ വയറിംഗിന്റെയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും റോഡിന്റെയും അറ്റകുറ്റപണി, ജി-ബ്ലോക്കിലെയും ജെ-ബ്ലോക്കിലെയും പുനർനിർമ്മാണത്തിന്റെ പ്രവർത്തികൾ എന്നിവ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക(രൂപ) |
|---|---|---|
| 1 | ഇലക്ട്രിക്കൽ റൂം റിപ്പയർ | 60,06,772/- |
| 2 | പാനൽ ബോഡുകളും കേബിളുകളും മാറ്റി ബ്ലോക്ക് സ്ഥാപിക്കൽ (HL) | 10,62,000/- |
| 3 | ഓക്ഷൻ ഹാൾ റിപ്പയർ | 12,90,000/- |
| 4 | ഓക്ഷൻ ഹാൾ റീവയറിംഗ് | 2,90,000/- |
| 5 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും റോഡിന്റെയും അറ്റകുറ്റപ്പണി | 67,00,000/- |
| 6 | ഓക്ഷൻ ഹാൾ നവീകരണം | 10,58,000/- |
| 7 | H ബ്ലോക്കിലെ മുകൾതട്ട് റിപ്പയർ | 6,90,597/- |
| 8 | ഡോർമിറ്ററി ബ്ലോക്കിന്റെ നവീകരണം | 15,80,000/- |
| 9 | പുതിയ ടോയ് ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം | 12,20,000/- |
| 10 | ജി-ബ്ലോക്കിലെ മേൽക്കൂര പുനർനിർമ്മാണം | 24,99,078/- |
| 11 | ജെ-ബ്ലോക്കിലെ മേൽക്കൂര പുനർനിർമ്മാണം | 12,71,882/- |

(signature)

**സെക്ഷൻ ഓഫീസർ**